# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 353 — 11.05.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണയജ്ഞം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>" പി.ടി. തോമസ്<br>" വി.എസ്.ശിവകുമാർ<br>" അടൂർ പ്രകാശ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ കാലയളവിൽ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണയജ്ഞം നടപ്പിലാക്കിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ കാലയളവിൽ സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിനിന്റെ ഭാഗമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടപ്പിലാക്കിയിരുന്നു. |
| ബി) | എത്രകോടി രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്രകാരം നടപ്പിലാക്കിയ നിക്ഷേപസമാഹരണ യജ്ഞത്തിൽ നിക്ഷേപം സമാഹരിക്കുന്നതിനുള്ള ലക്ഷ്യ തുക (ടാർജറ്റ്) നിശ്ചയിച്ചിരുന്നില്ല. |
| സി) | ലക്ഷ്യമിട്ടിരുന്ന തുക സമാഹരിക്കാൻ കഴിഞ്ഞോ എന്നും എത്ര കോടി രൂപ സമാഹരിച്ചു എന്നും വിശദമാക്കുമോ; | (സി) | നിക്ഷേപസമാഹരണ യജ്ഞത്തിൽ ലക്ഷ്യം നിശ്ചയിച്ചിരുന്നില്ല. നിക്ഷേപ സമാഹരണ കാലയളവിൽ 31937.02 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ സമാഹരിച്ചതിനേക്കാൾ കൂടുതൽ തുക പിൻവലിക്കപ്പെട്ടതിനാൽ അറ്റനിക്ഷേപത്തിൽ സംസ്ഥാനത്ത് ആകെ 6,386.18 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| ഡി) | നിക്ഷേപ സമാഹരണയജ്ഞം പരാജയമാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഇല്ല. കേന്ദ്ര സർക്കാർ 500/-, 1000/- രൂപ നോട്ടുകൾ അസാധുവാക്കിയത് മുഖേന സഹകരണ മേഖല നേരിട്ട പ്രതിസന്ധി കാലയളവിൽ നടന്ന നിക്ഷേപസമാഹരണ യജ്ഞം ആയതിനാൽ ആയത് പരാജയമാണെന്ന് അഭിപ്രായമില്ല. സഹകരണ മേഖല പ്രത്യേകിച്ച് Credit Sector, ടി പ്രതിസന്ധി ഘട്ടത്തിൽ തകരാതെ പിടിച്ചുനിന്നത് ടി കാലത്ത് നടത്തിയ മേൽ പ്രവർത്തനങ്ങൾ കൂടി കൊണ്ടാണ്. |

സെക്ഷൻ ഓഫീസർ